**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1149** **31-01-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യത്തൊഴിലാളി വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കെ-ഡിസ്കുമായി സഹകരിച്ച് തൊഴിൽ തീരം പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി കുടുംബത്തിലെ ഒരാൾക്ക് വീതം മത്സ്യബന്ധനമല്ലാത്ത മറ്റൊരു തൊഴിൽ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | ഉണ്ട്. ഫിഷറീസ് വകുപ്പും കെ-ഡിസ്ക്-നു കീഴിലുള്ള കേരള നോളജ് എക്കണോമി മിഷനും സംയുക്തമായി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരായ മത്സ്യതൊഴിലാളി യുവതീ യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "തൊഴിൽ തീരം ". 9 തീരദേശ ജില്ലകളിലും പദ്ധതി നടപ്പാക്കുന്നതിനായി ജില്ലകളിൽ ഉന്നതതലയോഗം കൂടുകയും സംഘാടക സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയെപറ്റി പ്രാദേശിക തലത്തിൽ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചിരുന്നു. ആയതിന്റെ ഫലമായി നാളിതുവരെ മത്സ്യതൊഴിലാളി വിഭാഗത്തിൽപ്പെട്ട തൊഴിലന്വേഷകർ വിവിധ ജില്ലകളിലായി ചുവടെ പറയും പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ തുടർന്ന് വരികയും ചെയ്യുന്നു . |

| ജില്ല | രജിസ്റ്റർ ചെയ്തവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3094 |
| കൊല്ലം | 4723 |
| ആലപ്പുഴ | 1642 |
| എറണാകുളം | 2552 |
| തൃശ്ശൂർ | 696 |

| | |
|---|---|
| മലപ്പുറം | 2920 |
| കോഴിക്കോട് | 2080 |
| കണ്ണൂർ | 1078 |
| കാസർഗോഡ് | 908 |

| | | | |
|---|---|---|---|
| (സി) | ആഴക്കടൽ മത്സ്യബന്ധനം പ്രാപ്തമാക്കുന്നതിന് മത്സ്യത്തൊഴിലാളി യുവാക്കൾക്ക് പരിശീലനം നൽകുന്നതിനായി പുതുതായി ബോട്ടുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന JLG ഗ്രൂപ്പുകൾ/SHG ഗ്രൂപ്പുകൾ/ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/FFPO (ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) എന്നിവരാണ് ഗുണഭോക്താക്കൾ.<br><br>ഇതിനായുള്ള ബോട്ടിന്റെ വില 1.20 കോടി രൂപയായിരുന്നു. എന്നാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് തയ്യാറാക്കുന്ന ബോട്ടിന്റെ വില 1.50 കോടി രൂപയാണ്. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപ (40%) യുമാണ്. ബാക്കിയുള്ള 102 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30 % (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 10 യാനങ്ങൾക്കായി വേണ്ടിവരുന്ന അധിക ഗ്രാന്റ് ആയ 306 ലക്ഷം രൂപ സർക്കാർ അനുവദിച്ചു. ആദ്യ ഘട്ടമായി പണി പൂർത്തിയാക്കിയ 6 യാനങ്ങൾ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ബാക്കി |

| | | | |
|---|---|---|---|
| | | | 4 യാനങ്ങൾ നിർമ്മാണം പൂർത്തിയായി വിതരണത്തിന് തയ്യാറായിട്ടുണ്ട്.<br><br>ടി പദ്ധതിയിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളികൾക്ക് എൻ.സി.ഡി.സി. യുടെ സാമ്പത്തിക സഹായത്തോടെ സി.ഐ.എഫ്.ടി.യുടെ നേതൃത്വത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള മൂന്ന ദിവസത്തെ പരിശീലനം നിഫാംൽ വച്ച് നല്കിയിട്ടുണ്ട്.<br><br>കൂടാതെ നടപ്പ് സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 10 യാനങ്ങൾ കൂടി വിതരണം ചെയ്യുന്നതിനുള്ള 1200 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പിന്റെ ഏജൻസി ആയ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾ സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നല്കുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. തീരദേശ മേഖലയിൽ നടപ്പിലാക്കി വരുന്ന ടി പദ്ധതി 2022 സാമ്പത്തിക വർഷം മുതൽ ഉൾനാടൻ മേഖലയിലും നടപ്പിലാക്കി. 434 ചെറുകിട സംരംഭങ്ങൾ ആരംഭിക്കുകയും ഇതുവഴി 1180 മത്സ്യത്തൊഴിലാളി വനിതകൾക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു. 2023-24 സാമ്പത്തികവർഷത്തിൽ 200 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 200 ലക്ഷം രൂപ അനുവദിക്കും. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരംതൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു.

കൂടാതെ ടി പദ്ധതിയുടെ സുസ്ഥിര നിലനിൽപ്പിനായി പലിശ രഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, സോളിഡാരിറ്റി ഫണ്ട്, സാങ്കേതികവിദ്യാ നവീകരണം, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ, ബ്രാന്റിംഗ് & മാർക്കറ്റിങ്ങ്, യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ, കമ്മ്യൂണിറ്റി വെൽനെസ്സ് പ്രോഗ്രാം മറ്റ് ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ജെ.എൽ.ജി പദ്ധതി (JLG project for Ensuring Livelihood Security of Fisherwomen in Kerala)

മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരെയും കൊള്ളപ്പലിശക്കാരെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന JLG project for Ensuring Livelihood Security of Fisherwomen in Kerala പദ്ധതി നടപ്പിലാക്കി.. 500 ജെഎൽജി യൂണിറ്റുകളിലായി 2500 മത്സ്യത്തൊഴിലാളി വനിതകൾക്ക് ധനസഹായം അനുവദിച്ചു. ഈ യൂണിറ്റുകൾക്ക് അനുവദിച്ച റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു. 2023-24 സാമ്പത്തികവർഷത്തിൽ 100 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 20 ജെഎൽജി യൂണിറ്റുകൾ ആരംഭിക്കും.

3. തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്

തീരദേശ ജില്ലകളിലായി ഗുണമേന്മയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യവിഭവങ്ങൾ തനത് രുചിയോടെ തയ്യാർ ചെയ്യുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 30 തീരമൈത്രി സീഫുഡ് റസ്റ്റോറന്റുകൾ ആരംഭിച്ചു.

4. ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക്

മത്സ്യവില്പ്പനയിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കായി ഫിഷറീസ് വകുപ്പും CIFT ഉം ചേർന്ന് 4 കിയോസ്കുകളും കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് CIFT രൂപകല്പന ചെയ്ത 20 കിയോസ്കുകളും ആയി 24

ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിലൂടെ 51 മത്സ്യത്തൊഴിലാളി വനിതകൾക്ക് പ്രയോജനം ലഭിച്ചു. ഗുണനിലവാരമുള്ള മത്സ്യം ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും വൃത്തിയാക്കിയ മത്സ്യം വിപണനം നടത്തുന്നതിനും ഇതിലൂടെ സാധിക്കുന്നു.

5. ഡിജിറ്റൽ മീഡിയ മാർക്കറ്റിംഗ് കോഴ്സ്

ജൻഡർ ഇക്വാളിറ്റി & വിമെൻ എംപവർമെന്റ് പോളിസി ശീർഷകത്തിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ബിരുദധാരികളായ 25 യുവതികൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ASAP (Additional Skill Acquisition Programme Kerala) മുഖേന ഡിജിറ്റൽ മീഡിയ, മാർക്കറ്റിംഗ് & അഡ്വർട്ടൈസിംഗ് ഡിസൈൻ-ൽ 3 മാസത്തെ ഓൺലൈൻ കോഴ്സ് നല്കും. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 3 മാസം സാഫ് യൂണിറ്റിന്റെ ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽസ്-ൽ സൗജന്യ പ്രായോഗിക പരിശീലനവും നല്കി. പരിശീലന കാലയളവിൽ ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ (Tablet) പഠിതാക്കൾക്ക് നല്കി. സാഫിന്റെ ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിനും ഡിജിറ്റൽ മീഡിയ & മാർക്കറ്റിംഗ് രംഗത്തേക്ക് മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും ഇതുവഴി സാധിച്ചു

6. കേരളബാങ്ക് മുഖേനയുള്ള വായ്പ പദ്ധതി

കോവിഡ് പശ്ചാത്തലത്തിൽ സംരംഭം മുന്നോട്ട് കൊണ്ടുപോകുവാൻ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന തീരമൈത്രി യൂണിറ്റുകൾക്ക് പ്രവർത്തിക്കാൻ വർക്കിംഗ് ക്യാപ്പിറ്റൽ അസിസ്റ്റൻസ് നൽകുന്നതിനും അതുവഴി സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും കൊളാറ്ററൽ സെക്യൂരിറ്റി ഒന്നുംതന്നെ നൽകേണ്ടാത്ത വായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കി.

ഇവ കൂടാതെ മത്സ്യഫെഡ് മുഖേന മത്സ്യതൊഴിലാളി വനിതകളുടെ ഉന്നമനത്തിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു .

മത്സ്യത്തൊഴിലാളി വനിതകളുടെ സാമൂഹികവും, സാമ്പത്തികവുമായ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യഫെഡ് വഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 10,000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നല്കുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി യുടെയും എൻ.എം.ഡി.എഫ്.സി. യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നല്കുന്നു. കൂടാതെ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി സ്വയംതൊഴിൽ സംരംഭങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി-യുടെയും എൻ.എം.ഡി.എഫ്.സി.-യുടെയും ധനസഹായത്തോടെ ടേം വായ്പകൾ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം കാലാവധിയിൽ വിതരണം ചെയ്തു വരുന്നു.

**സെക്ഷൻ ഓഫീസർ**